നമ്പർ. സി2/23/2025-ഐ&പിആർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്
തിരുവനന്തപുരം.
തിയതി : 25-03-2025

## "സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികം"

## പ്രദർശന-വിൽപ്പന മേള തീം പവലിയൻ തയ്യാറാക്കാൻ

## താത്പര്യപത്രം ക്ഷണിച്ചു.

**സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികം** - വിപുലമായ ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി 2025 **ഏപ്രിൽ 21 മുതൽ മെയ്** 23 വരെ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലുടനീളം 14 ജില്ലകളിലായി സംഘടിപ്പിക്കുന്ന പ്രദർശന-വിൽപ്പന മേളയിൽ പി ആർ ഡി യുടെ തീം പവലിയൻ സജ്ജീകരിക്കുന്നതിന് യോഗ്യരായ ഏജൻസികളെ ക്ഷണിക്കുന്നതിനായി താത്പര്യപത്രം ക്ഷണിക്കുന്നു. താൽപ്പര്യമുള്ള ഏജൻസികൾ 2025 **ഏപ്രിൽ 7 രാവിലെ 11 മണിക്ക്** മുൻപായി വിശദ വിവരങ്ങൾ സഹിതം **www.prd.kerala.gov.in** എന്ന സൈറ്റിൽ സൂചിപ്പിച്ചിട്ടുള്ള തീം അടിസ്ഥാനപ്പെടുത്തി ഒരു ഡിസൈൻ തയ്യാറാക്കി അത് വീഡിയോ ഫോർ മാറ്റിൽ ജഡ്ജിങ് കമ്മിറ്റിമുമ്പാകെ സെക്രട്ടേറിയറ്റിലെ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിലെ പി.ആർ. ചേമ്പറിൽ അവതരിപ്പിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് : 0471-2518447, 2518013

വിശ്വസ്തതയോടെ,

സുഭാഷ് ടി വി ഐ എ എസ്
ഡയറക്ടർ

"ഭരണഭാഷ- മാതൃഭാഷ"                                  **കേരള സർക്കാർ**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്

നമ്പർ.സി2/23/2025-ഐ&പിആർ

തിരുവനന്തപുരം,

തിയതി: 25-03-2025

## "സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികം"

### പ്രദർശന-വിൽപ്പന മേള തീം പവലിയൻ തയ്യാറാക്കാൻ താത്പര്യപത്രം ക്ഷണിച്ചു.

സർക്കാരിന്റെ വികസനക്ഷേമനേട്ടങ്ങളും ജനോപകാരപ്രദമായ പദ്ധതികളും പ്രചരിപ്പിക്കുന്നതിനായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ "പ്രദർശന-വിപണനമേള" **ഏപ്രിൽ 21 ന് ആരംഭിച്ച് മെയ് 23 ന് തിരുവനന്തപുരത്ത് സമാപിക്കുന്ന** രീതിയിൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.ഓരോ ജില്ലയിലും ചുരുങ്ങിയത് 7 ദിവസം വീതമാണ് മേള നടക്കുന്നത്. 9 വർഷത്തെ സംസ്ഥാനത്തെ പൊതുവായ ശ്രദ്ധേയ നേട്ടങ്ങളും അതത് ജില്ലകളിലെ പ്രത്യേക വികസനമുന്നേറ്റങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് മേളകളിലെ തീം പവലിയനലുകൾ സജ്ജീകരിക്കുന്നതിന് ഡിസൈനിംഗ് & ഫാബ്രിക്കേഷൻ ചെയ്യുന്നതിന് താത്പര്യമുള്ള ഏജൻസികളിൽ നിന്നും ഡിസൈൻ ക്ഷണിക്കുന്നു.

- എല്ലാ ജില്ലാ പ്രദർശന-വിപണന മേളകളിലും **2500 ചതുരശ്രഅടി** വരുന്ന തീം പവലിയൻ ഏരിയ സജ്ജീകരിക്കേണ്ടതാണ്.
- പ്രദർശന-വിൽപ്പന മേളകളിൽ സർക്കാർ വകുപ്പുകളുടെ കഴിഞ്ഞ 9 വർഷത്തെ നേട്ടങ്ങൾ **വിഷ്വൽ ആയും** അല്ലാതെയും പ്രദർശിപ്പിക്കണം.
- ജി എസ് ടി ഉൾപ്പെടെ 12 ലക്ഷം രൂപയിൽ കവിയാതെ തീം ഏരിയ തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട മേഖലയിൽ **കുറഞ്ഞത് 2 വർഷത്തെ** പ്രവൃത്തി പരിചയമുള്ള സമാനമായ സർക്കാർ പരിപാടികളിൽ മുൻപ് തീം ഏരിയ സജ്ജീകരിച്ചിട്ടുള്ള ആർട്ടിസ്റ്റ്/ഡിസൈനർ/ഏജൻസികളിൽ നിന്ന് താത്പര്യപത്രം ക്ഷണിക്കുന്നു.

താത്പര്യമുള്ള ആർട്ടിസ്റ്റ് ഡിസൈനർ മേൽ സൂചിപ്പിച്ചിട്ടുള്ള തീം അടിസ്ഥാനപ്പെടുത്തി ഒരു ഡിസൈൻ തയ്യാറാക്കി അത് വീഡിയോ ഫോർ മാറ്റിൽ **ജഡ്ജിങ് കമ്മിറ്റിമുമ്പാകെ 2025 ഏപ്രിൽ 7-ന് രാവിലെ 11 മണിക്ക്**, സെക്രട്ടേറിയറ്റിൽ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിലെ പി.ആർ. ചേമ്പറിൽ അവതരിപ്പിക്കേണ്ടതാണ്. ഒരു ഏജൻസി/ വ്യക്തിക്ക് ഡിസൈൻ അവതരിപ്പിക്കാൻ പരമാവധി 30 **മിനിറ്റ്** അനുവദിക്കുന്നതായിരിക്കും. ഡിസൈൻ, ക്രിയേറ്റിവ്സ്, ഫാബ്രിക്കേഷൻ വർക്കുകളുടെ പ്രൊപ്പോസലിൽ വിശദമായ കോസ്റ്റ് എസ്റ്റിമേറ്റ് ഉൾപ്പെടുത്തേണ്ടതും. ഡിസൈനൊപ്പം തീമിനെ/വിഷയത്തെ കുറിച്ചുള്ള വിശദാംശങ്ങളും സമർപ്പിക്കേണ്ടതാണ്.

പ്രൊപ്പോസൽ അവതരണ ദിവസം തന്നെ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകപ്പിൽ സമർപ്പിക്കേണ്ടതുമാണ്. തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസി/ വ്യക്തി തന്നെ ഡിസൈൻ അടിസ്ഥാനമാക്കിയുള്ള ഫാബ്രിക്കേഷൻ ജോലികളും നിർവഹിക്കേണ്ടതാണ്. ഇതിനായുള്ള ചെലവ് ബന്ധപ്പെട്ട തലത്തിലുള്ള വിലയിരുത്തലിന് വിധേയമായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകപ്പ് അനുവദിക്കുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക് :**

**ഫോൺ നം.** 0471 -2518013, 2518447, 9495521173

സുഭാഷ് ടി വി ഐ എ എസ്
ഡയറക്ടർ

**Fourth Anniversary of the State Government**

**Expression of Interest Invited for Setting Up Theme Pavilion at the Exhibition-Cum-Trade Fair**

To disseminate the government's development and welfare achievements and people-centric schemes, it has been decided to organize an **Exhibition-Cum-trade Fair** under the leadership of the **Information & Public Relations Department**. The fair will begin on **April 21** and conclude on **May 23** in **Thiruvananthapuram**. The fair will be conducted for **at least 7 days in each district**.

Designs are invited from designers and agencies for setting up **theme pavilions** that highlight **the State's major achievements over the past 9 years** and **district-specific development milestones**. Each district's theme pavilion area will be **2,500 sq. ft.**, and interested parties must be willing to handle the fabrication.

- The exhibition should display the **government departments' achievements of the last 9 years**, both in **visual and non-visual formats**.
- The total cost for setting up the theme pavilion should **not exceed ₹12 lakhs including GST**.
- Expressions of Interest (EOIs) are invited from **artists/designers/agencies** with **at least 2 years of experience** in similar government events who have previously set up theme areas.

Interested artists/designers must prepare a design based on the given theme and **present it in video format** before the **judging committee at PR Chamber, Department of Information & Public Relations, Secretariat, by 11:00 AM on April 17, 2025**. Each agency/person will be allowed a **maximum of 30 minutes** for the design presentation.

The proposal must include:

- Detailed **cost estimate** for the design, creatives, and fabrication work.
- A write-up explaining the **theme and its concept**.

The proposal must be submitted **on the same day as the presentation** to the Information & Public Relations Department. The **selected agency/person will be responsible for carrying**

**out the fabrication work based on their approved design**. The expenses for this will be approved by the department based on the relevant level of assessment.

**For more information, contact:**
Phone: 0471-2518013, 2518447, +91 8848164593